

# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ
## പ്രവാസി പുനരധിവാസ വായ്പാ പദ്ധതി

Return
Entrepreneurship for Returned NRKs

കേരളത്തിലെ മറ്റു പിന്നോക്ക മതന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനം എന്ന ലക്ഷ്യവുമായാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 1995-ൽ സ്ഥാപിതമായത്. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലുമാണ് വിവിധ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നത്. വായ്പാ പദ്ധതികൾക്ക് പുറമേ സംരംഭകത്വ പരിശീലനം, തൊഴിലധിഷ്ഠിത പരിശീലനം, വിപണനമേളകൾ എന്നിവയും കോർപ്പറേഷൻ നടത്തി വരുന്നു. 1995 മുതൽ 31.08.2017 വരെ 4.4 ലക്ഷം കുടുംബങ്ങൾക്കായി 2500 കോടിയോളം രൂപ വായ്പാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് (ഒ.ബി.സി.) വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) യും മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) യും ധനസഹായമുപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്.


KSBCDC

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

ഹെഡ് ഓഫീസ് : ററി. സി. 27/588(7) & (8), പാററൂർ,
വഞ്ചിയൂർ പി. ഓ., തിരുവനന്തപുരം 695035
ഫോൺ : 04712577550, 2577539
email : ksbcdc@gmail.com web : www.ksbcdc.com






Return
Entrepreneurship for Returned NRKs

കോർപ്പറേഷൻ കേരള സർക്കാർ സ്ഥാപനമായ നോർക്കാ റൂട്ട്സ്- NDPREM പദ്ധതിയുടെ ഭാഗമായി പ്രവാസികൾക്കു വേണ്ടി നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പ പദ്ധതിയാണിത്. ഡയറി ഫാം, പൗൾട്രി ഫാം, അക്വാകൾച്ചർ, ബേക്കറി, സാനിറ്ററി ഷോപ്പ്, ഹാർഡ്‌വെയർ ഷോപ്പ്, ഫർണ്ണിച്ചർ ഷോപ്പ്, റസ്റ്റോറന്റ്, ടാക്സി/പിക്കപ്പ് വാഹനങ്ങൾ, ബ്യൂട്ടി പാർലർ, ഹോളോബ്രിക്സ് യൂണിറ്റ്, പ്രൊവിഷൻ സ്റ്റോർ, ഡ്രൈവിംഗ് സ്കൂൾ, ഫിറ്റ്നെസ്സ് സെന്റർ, സൂപ്പർ മാർക്കറ്റ്, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, ഓർക്കിഡ് കൃഷി, റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്, ഫ്ളോർ മിൽ, ഡ്രൈക്ളീനിംഗ് സെന്റർ, ഫോട്ടോസ്റ്റാറ്റ് / ഡി.റ്റി.പി. സെന്റർ, മൊബൈൽ ഷോപ്പ്, ഫാൻസി/സ്റ്റേഷനറി സ്റ്റോർ, മിൽമാ ബൂത്ത്, പഴം/പച്ചക്കറി വില്പനശാല, ഐസ്ക്രീം പാർലർ, മീറ്റ് സ്റ്റാൾ, ബുക്ക് സ്റ്റാൾ, സിവിൽ എഞ്ചിനിയറിംഗ് കൺസൽട്ടൻസി, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്, ഡിജിറ്റൽ സ്റ്റുഡിയോ, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ്, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ്, മെഡിക്കൽ ക്ളിനിക്ക്, വെറ്റിനറി ക്ളിനിക്ക് തുടങ്ങി വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. പരമാവധി വായ്പ തുക 20 ലക്ഷം രൂപയാണ്. കേരളത്തിലെ മറ്റു പിന്നോക്ക വിഭാഗത്തിലും (ഒ.ബി.സി), മതന്യൂനപക്ഷ വിഭാഗത്തിലും ഉൾപ്പെട്ട 18-നും 65-നും മദ്ധ്യേ പ്രായമുള്ളവരും, പ്രവാസ ജീവിതത്തിനുശേഷം നാട്ടിൽ സ്ഥിരതാമസക്കാരുമായ സംരംഭകർക്കാണ് വായ്പ അനുവദിക്കുന്നത്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയും, മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയും പ്രത്യേകം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | ഒ.ബി.സി. വിഭാഗത്തിനുള്ള പദ്ധതി | മതന്യൂനപക്ഷ വിഭാഗത്തിനുള്ള പദ്ധതി | |
|---|---|---|---|
| | | പദ്ധതി – 1 | പദ്ധതി – 2 |
| പരമാവധി വായ്പ തുക | 20 ലക്ഷം | 20 ലക്ഷം | 20 ലക്ഷം |
| കുടുംബ വാർഷിക വരുമാന പരിധി | 3,00,000/- രൂപ വരെ | ഗ്രാമപ്രദേശത്ത് വസിക്കുന്ന അപേക്ഷകൻ - 98,000/- രൂപ വരെ. നഗരപ്രദേശത്ത് വസിക്കുന്ന അപേക്ഷകൻ 1,20,000/- രൂപ വരെ | 6,00,000/- രൂപ വരെ |
| പ്രായപരിധി | 18-65 | 18-65 | 18-65 |
| പലിശനിരക്ക് | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനു മുകളിൽ - 7% | - 6% | സ്ത്രീകൾ - 6%<br>പുരുഷൻമാർ - 8% |
| തിരിച്ചടവ് കാലാവധി | 84 മാസം വരെ | 60 മാസം | 60 മാസം |

## പദ്ധതി പ്രകാരമുള്ള പ്രത്യേക ആനുകൂല്യങ്ങൾ

### നോർക്കാ മൂലധന സബ്സിഡി

പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി നോർക്കാ റൂട്ട്സ് അനുവദിക്കുന്നതാണ്. പരമാവധി സബ്സിഡി തുക - 3 ലക്ഷം രൂപ. പദ്ധതി പ്രകാരം പ്രവാസി ആരംഭിക്കുന്ന സംരംഭം സബ്സിഡി അനുവദിച്ച തീയതി മുതൽ 4 വർഷം വരെ നിലവിലുായിരിക്കേണ്ടതാണ് അല്ലാത്തപക്ഷം സബ്സിഡി ലഭ്യമാകുന്നതല്ല.

### നോർക്കാ–റൂട്ട്സ് പലിശ സബ്സിഡി

വായ്പ തിരിച്ചടവിന്റെ ആദ്യ നാലു വർഷങ്ങളിൽ 3% നിരക്കിൽ പലിശ സബ്സിഡി നോർക്കാ റൂട്ട്സ് അനുവദിക്കുന്നതാണ്. സംരംഭകന് വായ്പ അനുവദിച്ചപ്പോൾ നിശ്ചയിച്ച പലിശ നിരക്കിൽ തന്നെ തിരിച്ചടവ് നടത്തേണ്ടതാണ്. നോർക്കാ-റൂട്ട്സ് പലിശ സബ്സിഡി കോർപ്പറേഷന് ലഭ്യമാക്കുന്ന മുറയ്ക്ക് ഈ ആനുകൂല്യം സംരംഭകന് തിരികെ നൽകുന്നതാണ്.

### കെ.എസ്.ബി.സി.ഡി.സി. ഗ്രീൻ കാർഡ് ആനുകൂല്യം

കൃത്യമായി വായ്പ തിരിച്ചടക്കുന്നതിനു വേണ്ടി കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രോത്സാഹന പദ്ധതിയാണ് ഗ്രീൻകാർഡ്. ഇതു പ്രകാരം മുടക്കമില്ലാതെ എല്ലാ ഗഡുക്കളും നിശ്ചിത തീയതിക്കു മുൻപു തന്നെ ഒടുക്കുന്ന വായ്പക്കാർക്ക് പലിശയിനത്തിൽ മൊത്തം തിരിച്ചടച്ച തുകയുടെ 5% ഇളവ് നൽകുന്നതാണ്.



## അപേക്ഷ സമർപ്പണം

പദ്ധതി പ്രകാരം നോർക്കാ-റൂട്ട്സ് ശുപാർശ ചെയ്യുന്ന അപേക്ഷകർക്കാണ് കോർപ്പറേഷൻ പദ്ധതി നിബന്ധനകൾക്ക് വിധേയമായി വായ്പ ലഭ്യമാക്കുന്നത്. നോർക്കാ-റൂട്ട്സ് ശുപാർശ ചെയ്യുന്ന പ്രവാസികൾ ജില്ലാ, ഉപജില്ലാ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫാറം പൂരിപ്പിച്ച് താഴെ പറയുന്ന രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

1. റേഷൻ കാർഡിന്റെ പകർപ്പ്
2. ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
3. ആധാർ കാർഡിന്റെ പകർപ്പ്
4. അപേക്ഷകന്റെ/കുടുംബാംഗങ്ങളുടെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്
5. അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് (എസ്.എസ്.എൽ.സി./സ്കൂൾ സർട്ടിഫിക്കറ്റ് മുതലായവ)
6. ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്.
7. വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന കുടുംബവാർഷിക വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
8. ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ എഫ് എസ് കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.

> 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറത്തിൽ പ്രോജക്ട് റിപ്പോർട്ട് എഴുതി സമർപ്പിച്ചാൽ മതിയാകും. എന്നാൽ 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് മലയാളത്തിലോ, ഇംഗ്ളീഷിലോ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാജരാക്കണം. താഴെ പറയുന്ന വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തണം.

1. സംരംഭകനെക്കുറിച്ചുള്ള വിവരങ്ങൾ (വിദ്യാഭ്യാസയോഗ്യത, സാങ്കേതിക യോഗ്യത, പ്രായോഗിക പരിചയം തുടങ്ങിയവ)
2. പദ്ധതിയുടെ വിശദാംശങ്ങൾ
3. പദ്ധതി തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത
4. പദ്ധതി ചെലവും ധനാഗമന മാർഗ്ഗങ്ങളും
5. പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികൾ
6. പദ്ധതിക്കാവശ്യമായ പ്രവർത്തനമൂലധനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ
7. വിപണി സാധ്യതകൾ
8. ഉൽപ്പന്നം വിപണനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ
9. പദ്ധതി നടത്തിയാൽ ലഭിക്കാവുന്ന ലാഭം കണക്കാക്കി ഇതു സംബന്ധിച്ച് പ്രതീക്ഷിക്കുന്ന 5 വർഷത്തെ ലാഭ നഷ്ടക്കണക്കും, ബാലൻസ് ഷീറ്റും
10. 5 വർഷത്തെ ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്
11. പദ്ധതിയുടെ ലാഭക്ഷമത വിലയിരുത്തുന്നതിനുള്ള സൂചികകൾ - (BEP, Pay Back Period, DSCR, IRR മുതലായവ).

## പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

- പദ്ധതിയ്ക്ക് യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ/ഫർണിച്ചറുകൾ ആവശ്യമുള്ള പക്ഷം ആയത് വാങ്ങുന്നതിനായി GST രജിസ്ട്രേഷനുള്ള നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽ നിന്നുള്ള ഇൻവോയ്സ്/ ക്വട്ടേഷൻ.
- പദ്ധതിയുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങളോ, ഇന്റീരിയർ ഫർണിഷിങ്ങോ ആവശ്യമുള്ള പക്ഷം ലൈസൻസ്ഡ് എൻജിനിയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ്.
- നിർദ്ദിഷ്ട വിദ്യാഭ്യാസ/സാങ്കേതിക യോഗ്യത ആവശ്യമുള്ള സംരംഭമാണെങ്കിൽ ബന്ധപ്പെട്ട യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

## ജാമ്യ വ്യവസ്ഥ

- വായ്പ അനുവദിക്കുന്നതിന് കോർപ്പറേഷൻ ഉദ്യോഗസ്ഥജാമ്യം/വസ്തു ജാമ്യം/സ്ഥിര നിക്ഷേപം/എൽ.ഐ.സി. പോളിസി മുതലായവ ജാമ്യമായി സ്വീകരിക്കുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി ഇവയിൽ ഒന്നോ, ഒന്നിലധികം രേഖകൾ കൂട്ടിച്ചേർത്തോ ജാമ്യമായി സമർപ്പിക്കാവുന്നതാണ്.

## കോർപ്പറേഷന്റെ ജില്ല/ഉപജില്ലാ ഓഫീസുകൾ

### തിരുവനന്തപുരം
രണ്ടാം നില, ട്രിഡാ കോംപ്ളക്സ്, ചാലക്കുഴി ലെയിൻ,
മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം - 11
ടെലിഫോൺ : 0471-2554522, 2554533
ഇ-മെയിൽ : bcdcdmtvm@gmail.com

### കൊല്ലം
എസ്.എൻ.ഡി.പി. യോഗം ബിൽഡിംഗ്,
എസ്.എൻ.വിമൻസ് കോളേജിന് എതിർവശം, കൊല്ലം
0474-2766276, 2763353
bcdcdmklm@gmail.com

### പത്തനംതിട്ട
വിലവിനാൽ രാജ് ടവ്വർ, സന്തോഷ് ജംഗ്ഷനു സമീപം,
കോളേജ് റോഡ്, പത്തനംതിട്ട
0468-2226111, 2262111
bcdcdmpta@gmail.com

### ആലപ്പുഴ
സൗമ്യാ കോംപ്ളക്സ്, വെള്ളക്കിണർ ജംഗ്ഷൻ,
സിവിൽ സ്റ്റേഷൻ വാർഡ്, ഹെഡ് പോസ്റ്റ് ഓഫീസ്, ആലപ്പുഴ
0477-2254121, 2254122
bcdcdmalap@gmail.com

### കോട്ടയം
ബിൽഡിംഗ് നമ്പർ XI/696 ഈരയിൽകടവ്, കോട്ടയം- 1
0481-2303925, 2565704
bcdcdmktm@gmail.com

### ഇടുക്കി
ബിൽഡിംഗ് നമ്പർ 310 A, അലിയകുന്നേൽ ബിൽഡിംഗ്,
അനശ്വര സിൽക്സിന് എതിർവശം, ചെറുതോണി, ഇടുക്കി.
0486-2235264, 2235364
bcdcdmidk@gmail.com

### എറണാകുളം
പരമാരാ ഷോപ്പിംഗ് കോംപ്ളക്സ്,
എറണാകുളം നോർത്ത്, കൊച്ചി -18
0484-2394005, 2390442
bcdcdmekm@gmail.com

### തൃശ്ശൂർ
പാലസ് റോഡ്, ഠൗൺ ഹാളിനു സമീപം,
ചെമ്പുകാവ് പി.ഒ., തൃശ്ശൂർ - 20
0487-2321776, 2320707
bcdcdmtsr@gmail.com

### പാലക്കാട്
നൈനാൻസ് കോംപ്ളക്സ്, മേട്ടുപ്പാളയം സ്ട്രീറ്റ്, പാലക്കാട്
0491-2545167, 2545166
bcdcdmpkd@gmail.com

### മലപ്പുറം
നമ്പർ 6/520 - ജെ & കെ.ബിൽഡിംഗ്സ് മുണ്ടുപറമ്പ, മലപ്പുറം - 9
0483-2734114, 2734115
bcdcdmmpm@gmail.com

### കോഴിക്കോട്
വികാസ് ബിൽഡിംഗ്, മൂന്നാം നില, ലിങ്ക് റോഡ്, കോഴിക്കോട്- 2
0495-2701800, 2705800
bcdcdmkkd@gmail.com

### വയനാട്
പി.ബി.എം. ഹോസ്പിറ്റലിനു സമീപം, മീനങ്ങാടി, വയനാട്
04936-246309
bcdcdmwyd@gmail.com

### കണ്ണൂർ
റ്റി.കെ. 1/408 ജെ, പടന്നപാലം റോഡ്, കണ്ണൂർ - 1
0497-2706196, 2706197
bcdcdmknr@gmail.com

### കാസർഗോഡ്
ഹൈലൈൻ പ്ളാസാ ബിൽഡിംഗ്, 11/346, A 17 അനബാഗിലു,
എം.ജി.റോഡ്, കാസർഗോഡ്.
04994-227060, 227062
bcdcdmkgd@gmail.com

## ഉപജില്ലാ ഓഫീസുകൾ

### വർക്കല
ലാൽസ് ആർക്കേഡ്, പാലച്ചിറ ജംഗ്ഷൻ, വർക്കല പി.ഒ.
തിരുവനന്തപുരം - 695143
0470-2605522
bcdcsdmvak@gmail.com

### ഹരിപ്പാട്
എസ്.എൻ.ഡി.പി. യൂണിയൻ ബിൽഡിംഗ്, കച്ചേരി ജംഗ്ഷൻ,
ഹരിപ്പാട്, ആലപ്പുഴ
0479-2412110
bcdcsdmhad@gmail.com

### ചേലക്കര
മൗന്തിര ഷോപ്പിംഗ് മാൾ Pvt. Ltd. ചേലക്കര, തൃശ്ശൂർ
0488- 4252523
bcdcsdmchk@gmail.com

### പട്ടാമ്പി
അലക്സ് ആർക്കേഡ്, മേലെ പട്ടാമ്പി, പട്ടാമ്പി, പാലക്കാട്
0466-2210244
bcdcsdmpth@gmail.com

### തിരൂർ
ബിൽഡർ ടവർ, ഏഴൂർ റോഡ്,
സവേര ആശുപത്രിക്ക് സമീപം, തിരൂർ,
മലപ്പുറം - 1
0494-2432275
bcdcsdmtir@gmail.com

### വണ്ടൂർ
കുന്നുമ്മേൽ ബിൽഡിംഗ്സ്, മഞ്ചേരി റോഡ്,
വണ്ടൂർ, മലപ്പുറം - 679328
04931-248300
bcdcsdmwdr@gmail.com



Return
Entrepreneurship for Returned NRKs



KSBCDC

# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ



NORKA ROOTS
A Government of Kerala Undertaking

## നോർക്ക റൂട്ട്സ്



# പ്രവാസി പുനരധിവാസ വായ്പാപദ്ധതി